**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **30-01-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ 2016 ജൂൺ ഒന്നിന് ശേഷം നാളിതുവരെ പട്ടികവർഗ്ഗക്കാരായ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി എന്ന് അറിയിക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 438 പട്ടികവർഗ്ഗ കോളനികളും ഈ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പട്ടിക വർഗ്ഗ കോളനി വൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തി 2 കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ 440 കോളനികളിൽ ഉൾപ്പെട്ട 2032 പട്ടികവർഗ്ഗ കുടുംബങ്ങൾക്കു വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 20 കോളനികളിൽ പുനരധിവാസം തീരുമാനിച്ചതായി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചതിനാൽ 20 കോളനികളിലെ വൈദ്യുതീകരണ പ്രവൃത്തി കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിയിട്ടില്ല. കൂടാതെ കെ.എസ്.ഇ.ബി.എല്ലിന്റെ BPL വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2018 മുതൽ നാളിതുവരെ 1505 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. ആകയാൽ 2016 മുതൽ നാളിതുവരെ 425 ലക്ഷം രൂപ ചെലവഴിച്ച് ആകെ 3537 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി എത്തിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ വയനാട് ജില്ലയിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയിട്ടും കണക്ഷൻ ലഭിക്കാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും അവർക്ക് കണക്ഷൻ നൽകാൻ കഴിയാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ? | (ബി) | നിലവിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടതും കെ.എസ്.ഇ.ബി.എൽ-ൽ അപേക്ഷ ലഭ്യമായതുമായ എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ